# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1350** | 11.08.2017 - ൽ മറുപടിയ്ക്ക് |

### നീര ഉല്പാദന കമ്പനികളുടെ പ്രതിസന്ധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ നീര ഉല്പാദന കമ്പനികൾ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ചില നീര ഉത്പാദക കമ്പനികൾ പ്രാരംഭകാല ബുദ്ധിമുട്ടുകൾ നേരിടുന്നവെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) നാളികേര വികസന ബോർഡിന്റെ കീഴിൽ എത്ര നീര ഉത്പാദന കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്; | ബി) താഴെ പറയുന്ന പതിനാല് നീര ഉത്പാദന കമ്പനികൾ പ്രവർത്തിച്ച് വരുന്നു:<br>പാലക്കാട് നാളികേര ഉത്പാദക കമ്പനി, കൊടുങ്ങല്ലൂർ നാളികേര ഉത്പാദക കമ്പനി, വടകര നാളികേര ഉത്പാദക കമ്പനി, കൈപ്പുഴ നാളികേര ഉത്പാദക കമ്പനി, തിരുകൊച്ചി നാളികേര ഉത്പാദക കമ്പനി, തേജസ്വിനി നാളികേര ഉത്പാദക കമ്പനി, പേരാമ്പ്ര നാളികേര ഉത്പാദക കമ്പനി, കടത്തനാട് നാളികേര ഉത്പാദക കമ്പനി, തിരൂർ നാളികേര ഉത്പാദക കമ്പനി, കരപ്പുറം നാളികേര ഉത്പാദക കമ്പനി, കുറ്റ്യാടി നാളികേര ഉത്പാദക കമ്പനി, തിരുവനന്തപുരം നാളികേര ഉത്പാദക കമ്പനി, തൃശ്ശൂർ നാളികേര ഉത്പാദക കമ്പനി, കോഴിക്കോട് നാളികേര ഉത്പാദക കമ്പനി. |
| സി) നീര ഉല്പാദന കമ്പനികൾക്ക് നാളികേര വികസന ബോർഡും, സംസ്ഥാന സർക്കാരും എന്തെല്ലാം സഹായങ്ങളാണ് നൽകിയിരുന്നത്; അതിൽ എന്തെങ്കിലും സഹായം നിർത്തലാക്കിയിട്ടുണ്ടോ; | സി) നീര ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി നാളീകേര ഉല്പാദക സൊസൈറ്റികൾ/ഫെഡറേഷനുകൾക്ക് കെട്ടിടയന്ത്ര സാമഗ്രികൾക്ക് ചെലവിന്റെ 25 ശതമാനം പരമാവധി 50 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. അതു പ്രകാരം 2015-16 ൽ കൈപ്പുഴ നാളികേര ഉല്പാദക കമ്പനിക്കും കുറ്റിയാടി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്കും കരപ്പുറം കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിക്കും 50 ലക്ഷം രൂപ വിതം സബ്സിഡിയായി നാളികേര വികസന ബോർഡ് മുഖേന കൃഷി വകുപ്പിൽ നിന്നും നൽകിയിട്ടുണ്ട്. 2016-17-ൽ വടകര കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്ക് നീര ഉല്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിനായി 44.16 ലക്ഷം രൂപ കൃഷി വകുപ്പിൽ നിന്നും നാളികേര വികസന ബോർഡിന് അനുവദിച്ചുനൽകിയിട്ടുണ്ട്. നീര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി നീര ടെക്നീഷ്യൻ പരിശീലന പരിപാടി നടത്തുന്നതിന് കേരള കാർഷിക സർവ്വകലാശാല, നാളീകേര വികസന ബോർഡ്, കേന്ദ്രതോട്ടവിള ഗവേഷണ കേന്ദ്രം എന്നി സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>കൃഷി വകുപ്പിന്റെ നീര ടെക്നീഷ്യൻ പരിശീലന പദ്ധതി പ്രകാരം 2016-17 ൽ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന് പരിശീലന പരിപാടികൾ |

| | | |
|---|---|---|
| | | സംഘടിപ്പിക്കുന്നതിനായി 75 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.<br>"ടെക്നോളജി മിഷൻ ഓൺ കോക്കനട്ട്" എന്ന പദ്ധതിയുടെ കീഴിൽ പദ്ധതി ചിലവിന്റെ 25 ശതമാനം പരമാവധി 50 ലക്ഷം രൂപ സബ്സിഡിയായി നാളികേര വികസന ബോർഡ് നാളികേര ഉത്പാദക കമ്പനികൾക്ക് നല്കി വരുന്നുണ്ട്.<br>നാളികേര വികസന ബോർഡ് നീര ഉത്പാദനത്തിനുള്ള ടെക്നോളജി സൗജന്യമായി നാളികേര ഉത്പാദക കമ്പനികൾക്ക് നൽകി വരുന്നു. നീര ടെക്നീഷ്യൻമാരെ പരിശീലിപ്പിക്കുന്നതിന് നാളികേര വികസന ബോർഡ് സഹായം നൽകുന്നുണ്ട്. വെന്റിംഗ് മെഷീനുകൾ / വില്പന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും നാളികേര ഉത്പാദക ഫെഡറേഷനുകൾക്കും നാളികേര ഉത്പാദക സൊസൈറ്റികൾക്കും നാളികേര വികസന ബോർഡ് സാമ്പത്തിക സഹായം നൽകുന്നുണ്ട്. നല്കിയിരുന്ന സഹായങ്ങളൊന്നും നിർത്തലാക്കിയിട്ടില്ല. |
| **ഡി)** | ഹോർട്ടികോർപ്പിന്റെ ചില്ലറ വില്പനശാലകൾ വഴി നീര വിപണനത്തിന് പദ്ധതിയുണ്ടോ; | **ഡി)** ഹോർട്ടികോർപ്പിന്റെ തിരുവനന്തപുരത്തെ പാളയം, കിഴക്കേകോട്ട എന്നിവിടങ്ങളിൽ ഉള്ള സ്റ്റാളുകൾ വഴി നീര വിപണനം ചെയ്യുവാൻ പദ്ധതിയുണ്ട്. ഹോർട്ടികോർപ്പിന്റെ ചില്ലറ വില്പനശാലകൾ വഴി നീര വില്പനയില്ല. |
| **ഇ)** | നീര ചെത്തുകാർക്ക് പരിശീലനം നൽകുന്നതിനായി ഈ സാമ്പത്തിക വർഷം ബജറ്റിൽ എത്ര തുകയാണ് നീക്കി വച്ചിട്ടുള്ളത്;എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | **ഇ)** നീര ടെക്നീഷ്യൻമാർക്ക് പരിശീലനം നൽകുന്നതിനായി 2017-18 സാമ്പത്തിക വർഷം കൃഷി ഡയറക്ടറുടെ ഫണ്ടിൽ നിന്ന് 75 ലക്ഷം രൂപ നാളികേര വികസന കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. 2014-15 വർഷങ്ങളിൽ നാളികേര വികസന കോർപ്പറേഷൻ വഴി 139 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. നാളികേര വികസന ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ 2061 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**